42

# ആളുകൾക്ക് വാസ്തവത്തിൽ സഹായം ആവശ്യമുള്ളപ്പോൾ

## മത്താ. 14:13-21; മർക്കൊ. 6:33-44; ലൂക്കൊ. 9:11-17; യോഹ. 6:2-14,

## ഒരടുത്ത നോട്ടം

ക്രിസ്തുവിന്റെ ഏറ്റവും പ്രധാനപ്പെട്ട അത്ഭുതങ്ങളിൽ ഒന്നാണ് "അയ്യായിരം പേരെ പോഷിപ്പിക്കൽ." ഉയിർത്തെഴുന്നേൽപ് മാറ്റിനിർത്തിയാൽ, ഈ ഒരു അത്ഭുതം മാത്രമാണ് എല്ലാ സുവിശേഷ വിവരണങ്ങളിലും[1] രേഖപ്പെടുത്തിയിട്ടുള്ളത്. എന്തുകൊണ്ടാണ് ഈ പ്രത്യേക അത്ഭുത പ്രവൃത്തി ഉയർന്ന നിലയിൽ ആയിരിക്കുന്നത്? ഒരുപക്ഷെ കർത്താവിന്റെ[2] "ക്രിയാത്മകമായ" ചില അത്ഭുതങ്ങളിൽ ഒന്നായതുകൊണ്ടായിരിക്കാം. ഒരുപക്ഷെ ധാരാളം ആളുകൾ ഒരുമിച്ചുകൂടിയപ്പോൾ നടന്ന സംഭവമായതുകൊണ്ട് അതു നിഷേധിക്കുവാൻ അസാധ്യമായതുകൊണ്ടുമാകാം. കാരണം എന്തായാലും, യേശു പുരുഷാരത്തെ പോഷിപ്പിച്ച സംഭവം ആദ്യ ക്രിസ്ത്യാനികൾക്ക് പ്രാധാന്യമുള്ള സംഭവമായിരുന്നു. അപ്പത്തിന്റെയും മീനിന്റെയും വിഷയം ആരംഭ ക്രിസ്തീയ കലയിൽ പൊതുവായ ഒന്നായിരുന്നു. ആ സംഭവം ഇപ്പോഴും ക്രിസ്ത്യാനികൾക്ക് പ്രത്യേക അർത്ഥമുള്ളതാണ്. ബൈബിൾ കഥകളിൽ ഇഷ്ടപ്പെട്ടവയെ കുറിച്ചുള്ള കണക്കെടുത്താൽ, അനിഷേധ്യമായി ആ പട്ടികയുടെ ഏതാണ്ടു മുകളിൽ വരുന്നതാണ് ഇത്.

അയ്യായിരം പേരെ പോഷിപ്പിക്കുന്നത് വിവിധ കാഴ്ച്ചപ്പാടുകളിലൂടെ[3] സമീപിക്കാവുന്നതാണ്, എന്നാൽ ഞാൻ ഇത് ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നത് യേശു എങ്ങനെ ആളുകളെ സഹായിച്ചു എന്നുള്ളതിന്റെയും – നിങ്ങൾക്കും എനിക്കും അത് എങ്ങനെ ചെയ്യാമെന്നുള്ളതിന്റെയും ഉദാഹരണമായിട്ടാണ്. പുതിയ നിയമം എന്തെങ്കിലും പഠിപ്പിക്കുന്നുവെങ്കിൽ, അതു പഠിപ്പിക്കുന്നത്, ക്രിസ്തുവിനെ അനുഗമിക്കുന്നവരായി, നാം മറ്റുള്ളവരുടെ ആവശ്യങ്ങളെ കണ്ടറിഞ്ഞ് സഹായിക്കുവാൻ ശ്രമിക്കണം എന്നതാണ്.

> ആകയാൽ, അവസരം കിട്ടും പോലെ, നാം എല്ലാവർക്കും, വിശേഷാൽ സഹ വിശ്വാസികൾക്കും നന്മ ചെയ്ക (ഗലാത്യർ 6:10).

> പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും, ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു (യാക്കോബ് 1:27).

> എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും, തന്റെ സഹോദരന്നു മുട്ടുള്ളതുകണ്ടിട്ടു അവനോടു മനസ്സലിവു കാണിക്കാഞ്ഞാൽ, ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? (1 യോഹന്നാൻ 3:17).

ആ കൽപനകൾ എങ്ങനെ നിറവേറ്റണമെന്നതിനെ കുറിച്ച് അയ്യായിരം പേരെ പോഷിപ്പിക്കുന്ന സംഭവത്തിൽ പ്രധാന തത്വങ്ങൾ അടങ്ങിയിട്ടുണ്ട് – ശരിയായ ആവശ്യമുള്ളവരെ *എങ്ങനെ* സഹായി*ക്കണം എങ്ങനെ* സഹായി*ക്കണ്ടാ* എന്നുള്ളത് അതിൽ ഉൾപ്പെടുന്നു.

### ആളുകൾക്ക് ആവശ്യങ്ങൾ ഉണ്ട്

ആ സംഭവത്തിലെ ആദ്യഭാഗം ഉയർത്തിക്കാണിക്കുന്നത് ആവശ്യമുള്ളവരിൽ നിയമപരമായി ആവശ്യമുള്ളവർ[4] തീർച്ചയായും ഉണ്ട് എന്നതാണ്. നമുക്ക് ആവർത്തനത്തോടെയും ചിലപശ്ചാത്തല വിവരത്തോടെയും തുടങ്ങാം.

യേശുവും തന്റെ അപ്പൊസ്തലന്മാരും ഗലീലക്കുചുറ്റും സഞ്ചരിച്ചുകൊണ്ടിരുന്നു. യാത്രയുടെ അവസാനം, ഹെരോദാ രാജാവു യോഹന്നാൻ സ്നാപകന്റെ ശിരസ് ഛേദിച്ചതായി അവർ അറിഞ്ഞു – ഇപ്പോൾ അവരുടെ പ്രവൃത്തിയിൽ[5] അപകടകരമായ താൽപര്യമുള്ളവനായും അറിഞ്ഞു. ഗലീലാകടലിന്റെ കിഴക്കേ തീരത്തേക്കുപോകുവാൻ ക്രിസ്തു പന്തിരുവരോടു പറഞ്ഞു. ബെത്ത്സയിദയ്ക്ക് അടുത്തുള്ള ഒരു നിർജ്ജന പ്രദേശമായിരുന്നു അവരുടെ ലക്ഷ്യം, അത് ഗലീലാ കടലിന്റെ[6] വടക്കുമാറി ഏഴോ എട്ടോ മൈൽ അകലെ സ്ഥിതിചെയ്തിരുന്നു. പടകിലുള്ള അവരുടെ കടലിനക്കരെക്കുള്ള യാത്ര ഒരുപക്ഷെ വിശ്രമം നൽകിയേക്കാം. ആ യാത്രയിൽ – ഏതാനും ശിഷ്യന്മാരും – ക്രിസ്തുവും ചെറിയ മയക്കത്തിലാകുന്നത് എനിക്ക് ഊഹിക്കുവാൻ കഴിയും (മത്തായി 8:24 നോക്കുക).

#### അന്ന് ആവശ്യമുള്ള ആളുകൾ

ഇതിനിടയിൽ, കഫർന്നഹൂമിലെ ജനക്കൂട്ടം എങ്ങനെയോ യേശുവിന്റെ പദ്ധതികൾ അറിയുകയും "പട്ടണങ്ങളിൽനിന്ന് കാൽനടയായി അവനെ അനുഗമിക്കുകയും ചെയ്തു" (മത്തായി 14:13). മർക്കൊസ് എഴുതി "കാൽനടയായി അവിടേക്കു ഓടി ..., അവർക്കുമുൻപേ എത്തി" (മർക്കൊസ് 6:33).[7] അത് നിങ്ങളുടെ മനസ്സിൽ ചിത്രമായി സൂക്ഷിക്കുക: ചെറുപ്പക്കാരും ഓടുവാൻ കഴിവുള്ളവരും കടൽതീരത്തുകൂടെ അതിവേഗം ഓടിയെത്തിയപ്പോൾ പ്രായമായവരും വൈകല്യമുള്ളവരും അവസാനം എത്തിക്കാണും. അതിവേഗം എത്തിയവർ എത്രയും പെട്ടെന്നു അവരുടെ രോഗികളെ സൗഖ്യമാക്കുവാൻ യേശുവിന്റെ അടുക്കൽ എത്തിച്ചേർന്നു (മത്തായി 14:13, 14). ഒരുപക്ഷെ എല്ലാവരും ഒരുമിച്ചു ഓടിത്തുടങ്ങിയിരിക്കും, എന്നാൽ പെട്ടെന്നു കടലിന്റെ വടക്കേ ഭാഗത്തിനുചുറ്റും നീണ്ട ജാഥയായി ഓടിക്കാണും.

യേശുവിന്റെ പടകു കരയ്ക്കടുത്തപ്പോൾ, ഒരു ജനക്കൂട്ടം അവിടെ മുൻപേ എത്തി, അവന്റെ വരവു താൽപര്യത്തോടെ കാത്തിരുന്നു (മർക്കൊസ് 6:33; മത്തായി 14:14). ജനക്കൂട്ടത്തെ[8] കണ്ടപ്പോൾ ശിഷ്യന്മാർ പിറുപിറുത്തോ? അവർ ക്ഷീണിതരും വിശപ്പുള്ളവരുമായിരുന്നു (മർക്കൊസ്

6:31); അവർക്കു ക്രിസ്തുവുമായി ഒറ്റയ്ക്ക് സമയം ചിലവഴിക്കണമായിരുന്നു; എന്നാൽ ഇവിടെ അവനോട് എവിടെയും–കാണാവുന്ന, ആവശ്യങ്ങളുള്ള പുരുഷാരത്തെ കാണാമായിരുന്നു! അവർക്ക് അനുഭവപ്പെട്ടത് എന്തായിരിക്കുമെന്ന് എനിക്കറിയാം. ചിലസമയത്ത് എനിക്ക് ശരീരത്തിനും, മനസ്സിനും, ആത്മാവിനും ക്ഷീണമുള്ളതായി തോന്നും – എന്നാൽ അപ്പോഴും എന്നോടു ആളുകൾ സഹായം ആവശ്യപ്പെട്ടു വന്നുകൊണ്ടിരിക്കും. ഞാനെപ്പോഴും ഒരു പരിധിവരെ ദയയോടെയാണ് അവയെ കൈകാര്യം ചെയ്യാറുള്ളത്, എന്നാൽ ചില സന്ദർഭങ്ങളിൽ താൽപര്യമില്ലായ്മ[9] എന്നിൽ കടന്നുകൂടാറുണ്ട്.

യേശുവിന്റെ പ്രതികരണം എന്നിൽനിന്നു വിപരീതമായിരുന്നു. അവനു "അവർ ഇടയൻ[10] ഇല്ലാത്ത ആടുകളെപ്പോലെ ആകകൊണ്ടു അവരിൽ മനസ്സലിഞ്ഞു" (മർക്കൊസ് 6:34; നോക്കുക മത്തായി 14:14). ലൂക്കൊസ് എഴുതിയത് അവൻ അവരെ കൈക്കൊണ്ടു എന്നാണ് (ലൂക്കൊസ് 9:11).[11] അവൻ അവരെ അങ്ങനെ നിർത്തിയില്ല; അവനു അവരെ താങ്ങുവാൻ കഴിഞ്ഞില്ല; അവൻ അവരെ *കൈക്കൊണ്ടു.* അതെന്നെ ആശ്ചര്യപ്പെടുത്തി.

യോഹന്നാൻ പറഞ്ഞതു "അവൻ രോഗികളിൽ ചെയ്യുന്ന അടയാളങ്ങളെ കണ്ടിട്ടു, ഒരു വലിയ പുരുഷാരം അവന്റെ പിന്നാലെ ചെന്നു" എന്നാണ് (യോഹന്നാൻ 6:2). ക്രിസ്തു ഉടനെതന്നെ "രോഗശാന്തി വേണ്ടിയവരെ സൗഖ്യമാക്കി" തുടങ്ങി (ലൂക്കൊസ് 9:11). പ്രസംഗിക്കുവാനുള്ള അവസരം ഒന്നും അവൻ നഷ്ടപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ട്, അവൻ "പലതും ഉപദേശിച്ചുതുടങ്ങി" (മർക്കൊസ് 6:34), "അവൻ ദൈവരാജ്യത്തെക്കുറിച്ചു അവരോടു സംസാരിച്ചു" (ലൂക്കൊസ് 9:11).

അത് യേശുവിന്റെ ജീവിതത്തിലെ മറ്റൊരു നീണ്ട ദിവസമായിരുന്നു. ആ പ്രദേശത്തെ ഒരു മലയുടെ അരികിൽ അവൻ ഇടയ്ക്ക് വിശ്രമത്തിനായി പോകുമായിരുന്നു (നോക്കുക യോഹന്നാൻ 6:4, 15). കൂടുതൽ ഭാഗവും, എങ്ങനെയായാലും, അവൻ സൗഖ്യമാക്കുവാനും ഉപദേശിക്കുവാനും നീക്കിവെച്ചു. ആ സമയം, പുരുഷാരത്തിന്റെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു (യോഹന്നാൻ 6:5).[12] "സ്ത്രീകളെയും പൈതങ്ങളെയും കൂടാതെ ..., ഏകദേശം അയ്യായിരം പുരുഷന്മാർ ആയിരുന്നു" എന്നാണ് പുരുഷാരത്തെ കുറിച്ചു പിന്നീടു പറഞ്ഞത് (മത്തായി 14:21). സ്ത്രീകളുടെയും കുട്ടികളുടെയും കണക്കിൽ വ്യത്യാസമുണ്ട്,[13] എന്നാൽ പതിനായിരത്തിനും പതിനയ്യായിരത്തിനും ഇടയിൽ ഉണ്ടായിരുന്നിരിക്കാം.

ദിവസം മുഴുവനും, യേശു ആളുകളെ ആത്മീയമായി പോഷിപ്പിച്ചു; എന്നാൽ സന്ധ്യ അടുത്തപ്പോൾ, ശാരീരിക പോഷണം ആവശ്യമായി വന്നു. അവിടെ കൂടിയ ആയിരങ്ങൾ – ക്രിസ്തുവും ശിഷ്യന്മാരും ഉൾപ്പെടെ – ദിവസം മുഴുവൻ ആഹാരമില്ലാതെ കഴിഞ്ഞവരാണ്. (ഒരേസമയം പതിനായിരം വിശപ്പുള്ളവരുടെ തേങ്ങൽ നിങ്ങൾക്കു ഊഹിക്കുവാൻ കഴിയുന്നുണ്ടോ?) കഫർന്നഹൂമിൽ നിന്നുള്ള കർത്താവിന്റെ പെട്ടെന്നുള്ള പുറപ്പെടലും പുരുഷാരത്തിന്റെ ധൃതിയിലുള്ള പ്രതികരണവും കാരണം യാത്രയ്ക്കുവേണ്ട[14] ഒരുക്കം നടത്തുവാൻ സമയം ലഭിച്ചില്ല.

ആവേശകരമായ ആത്ഭുതങ്ങളും ജീവിതം–മാറ്റുന്ന ഉപദേശവുമുള്ള അന്നത്തെ കാലത്ത് ശാരീരികമായ പോഷണത്തിനുള്ള ആവശ്യം പൊതുവായ ഒന്നായി കാണാം, എന്നാൽ നമ്മുടെ ശരീരത്തിന്റെ കുറവുകൾ ഓരോ

സമയവും നികത്തേണ്ട രീതിയിലാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. നാം “അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നതു” (മത്തായി 4:4), എന്നാൽ ചിലപ്പോൾ ഒരു അപ്പകഷണമോ[15] ബിസ്ക്കറ്റോ നമ്മുടെ ജീവൻ നില നിർത്തുവാൻ മതിയായതാകുന്നു.

യേശു ആ ആവശ്യം തന്റെ ശിഷ്യന്മാരുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നില്ല. അവൻ ആ വലിയ പുരുഷാരത്തെ ചൂണ്ടിക്കൊണ്ടു ഫിലിപ്പൊസിനോടു ചോദിച്ചു, “ഇവർക്കു തിന്നുവാൻ, നാം എവിടെനിന്നു അപ്പം വാങ്ങും?” (യോഹന്നാൻ 6:5). പിന്നീടു അവൻ അപ്പൊസ്തലന്മാരോടു “നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ” എന്നു പറഞ്ഞു (മത്തായി 14:16). പുരുഷാരത്തിന് ആവശ്യങ്ങൾ ഉണ്ടായിരുന്നു, ആത്മീയവും ശാരീരികവുമായ ആവശ്യങ്ങൾ.

### ഇപ്പോൾ ആവശ്യമുള്ളർ

ഇന്നും, ആളുകൾക്ക് ആവശ്യങ്ങൾ, വാസ്തവത്തിലുള്ള ആവശ്യങ്ങൾ ഉണ്ട്. അവരുടെ ഏറ്റവും വലിയ ആവശ്യം ആത്മീയമത്രേ. “ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം? അല്ല തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും” (മത്തായി 16:26), എന്നു ചോദിച്ചപ്പോൾ യേശു അതിനെ ഊന്നിപ്പറഞ്ഞു. എങ്ങനെയായാലും, ആളുകൾക്ക് അവഗണിക്കാനാകാത്ത, ആവശ്യങ്ങൾ വേറെയുമുണ്ട്. ആളുകൾ പട്ടിണി കിടക്കുന്ന സ്ഥലത്തേക്ക് പോകുന്നതിനെക്കുറിച്ച് ഒരാൾ മറ്റൊരാളോടു പറയുകയായിരുന്നു. രണ്ടാമത്തെ ആൾ ചോദിച്ചു, “നിങ്ങൾ എന്തു ചെയ്തു?” ഒന്നാമത്തെ ആൾ മറുപടി പറഞ്ഞു, “ഞാൻ ട്രാക്റ്റുകൾ അവർക്കു കൊടുത്തു.” “എന്തു സംഭവിച്ചു?” രണ്ടാമത്തെയാൾ അതിശയിച്ചു. ദുഃഖത്തോടെ ആ മനുഷ്യൻ ഇങ്ങനെ ആ കഥ പറഞ്ഞു, “അവർ അവയെ തിന്നു കളഞ്ഞു.”

ചില ആവശ്യങ്ങൾ, വർഷങ്ങളായി നാം തിരിച്ചറിഞ്ഞവയാണ് – ആഹാരത്തിനും വസ്ത്രത്തിനുമായുള്ള ആവശ്യങ്ങൾ അത്തരത്തിലുള്ളതാണ്. “ദൈനന്തിനം ആഹാരമോ വസ്ത്രമോ ഇല്ലാതിരിക്കുന്നവരെ” കുറിച്ച് യാക്കോബ് 2:15 പറയുന്നുണ്ട്. നാലും അഞ്ചും നൂറ്റാണ്ടുകളിലെ പ്രാരംഭ സഭാമന്ദിരങ്ങളെ കുറിച്ചുള്ള ചിത്രങ്ങൾ ഞാൻ അടുത്ത കാലത്ത് കാണുകയുണ്ടായി. അവയിലെല്ലാം വശങ്ങളിൽ ഒന്നോ രണ്ടോ മുറികൾ ആവശ്യമുള്ളവർക്ക് ആഹാരവും വസ്ത്രവും ശേഖരിച്ചു കൊടുക്കേണ്ടതിനുണ്ടായിരുന്നു. ഇന്ന് സഭാ മന്ദിരങ്ങളിൽ അത്തരം മുറികൾ ധർമ്മോപകാരത്തിനായിട്ടുണ്ട്.

വിശാലമായി മനസിലാക്കിയിരിക്കുന്ന മറ്റൊരു ആവശ്യമാണ് അനാഥരെയും വിധവമാരെയും കരുതേണ്ട ആവശ്യകത. യാക്കോബ് എഴുതി, “പിതാവായ ദൈവത്തിന്റെ മുൻപാകെ ശുദ്ധവും നിർമ്മലവുമായ ഭക്തിയോ: അനാഥരേയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതു ആകുന്നു ...” (യാക്കോബ് 1:27). പല ഇടവകകൾക്കും അവരുടെ വിധവമാരെ അവഗണിക്കാതിരിക്കേണ്ടതിനു വിവിധ പദ്ധതികളുണ്ട് (പ്രവൃത്തികൾ 6:1 നോക്കുക). ഭവനമില്ലാത്ത കുട്ടികളെ ചില ക്രിസ്ത്യാനികൾ ദത്തെടുത്തിട്ടുണ്ട്. അത്തരത്തിലുള്ളവരെ

കരുതേണ്ടതിനുള്ള വേറെ ക്രമീകരണങ്ങളിൽ കുട്ടികൾക്കുള്ള ഭവനവും ആതുരാലയങ്ങളും ഉൾപ്പെടുന്നു. നല്ല രീതിയിൽ അനാഥരെയും വിധവമാരെയും കരുതുന്നതെങ്ങനെ എന്ന കാര്യത്തിൽ നമുക്കു വിയോജിപ്പുണ്ടെങ്കിലും, ഈ ആവശ്യങ്ങൾ പരിഗണിക്കേണ്ടതാണെന്ന കാര്യത്തിൽ എല്ലാവരും യോജിക്കുന്നുണ്ട്.

പൊതുവിൽ അംഗീകരിക്കപ്പെട്ട മറ്റു ആവശ്യങ്ങളിൽപ്പെട്ടതാണ്, രോഗികളെ കരുതേണ്ടതായ ആവശ്യം. യേശു രോഗികളെ കുറിച്ചു കരുതലുള്ളവനായിരുന്നു. ധർമ്മോപകാരം പിൻപറ്റിയവരോടു യേശു പറഞ്ഞു: "ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ കാൺമാൻ വന്നു" (മത്തായി 25:36). മിക്ക ഇടവകകളും രോഗികളിൽ ആവശ്യമുള്ളവർക്ക്, ആഹാരം കൊടുക്കുന്നതിനെ കുറിച്ചും കരുതലുള്ളവരാണ്. ചില രാജ്യങ്ങളിൽ, കഷ്ടപ്പെടുന്ന രോഗികൾക്കായി ക്രിസ്ത്യാനികൾ ആശുപത്രികൾ നടത്തുന്നുണ്ട്.

നാം ചെയ്തുകൊണ്ടിരിക്കുന്ന രീതിയിൽ മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതു നല്ലതാണ്, എന്നാൽ വേറെയും ആവശ്യങ്ങൾ എപ്പോഴും വരുമെന്നു നാം ഓർക്കണം – അല്ലെങ്കിൽ, ചുരുങ്ങിയത്, പഴയ ആവശ്യങ്ങൾ[16] പുതിയരീതിയിൽ പ്രകടമായേക്കാം. വിവാഹമോചനത്താൽ കുടുംബങ്ങൾ തകർന്നുകൊണ്ടിരിക്കുന്നു. കുട്ടികൾ അവഗണിക്കപ്പെടുകയോ വഴിതെറ്റുകയോ ചെയ്യുന്നു. മദ്യപാനവും മയക്കു മരുന്നും തുടർപ്രതിഭാസമായി തീരുന്നു. ലൈംഗിക അസാന്മാർഗികത പെരുകുന്നു, അതിന്റെ ഫലമായി ചെറിയതോതിൽ എയിഡ്സ് രോഗവും പടർന്നുകൊണ്ടിരിക്കുന്നു. സ്ത്രീപുരുഷന്മാർ ഗൗരവമേറിയ വൈകാരിക പ്രശ്നങ്ങൾക്കിരയാകുന്നു. വീടില്ലാതെ "വീഥികളിൽ അലയുന്നവരുടെ" എണ്ണം നമ്മുടെ പട്ടണങ്ങളിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആ ലിസ്റ്റ് അങ്ങനെ നീണ്ടുപോകുന്നു.

ഈ പ്രശ്നങ്ങൾക്കെല്ലാം ഉത്തരം എന്റെ കൈവശമുണ്ടെന്നല്ല ഞാൻ പറഞ്ഞതിൽ അടങ്ങിയിരിക്കുന്നത്. അതല്ലെങ്കിൽ നമുക്ക്, ഇടവകകൾ എന്ന രീതിയിൽ, അത്തരം വെല്ലുവിളികളെ നേരിടുവാൻ വിപുലമായ പദ്ധതികൾ ഉണ്ടെന്നുമല്ല ഞാൻ പറഞ്ഞത്. മറിച്ച് ആവശ്യങ്ങൾ നിലനില്ക്കുന്നുണ്ടെന്നാണ് ഞാൻ ഊന്നി പറയുന്നത് – ക്രിസ്ത്യാനികളായ നമുക്ക് നേരിടുന്നതിൽ സഹായിക്കുവാൻ കഴിയുന്ന എല്ലാ തരത്തിലുമുള്ള, വാസ്തവത്തിലുള്ള, അർഹമായ ആവശ്യങ്ങളാണ് അവ.

നമ്മുടെ മുൻഗണനകൾ നാം ശരിയാക്കണമെന്നു, ഞാൻ വീണ്ടും പറയട്ടെ. ക്രിസ്തുവിന്റെ പരിജ്ഞാനത്തിലേക്ക് ആളുകളെ കൊണ്ടു വരുന്ന നമ്മുടെ ലക്ഷ്യത്തിൽനിന്നു നാം വ്യതിചലിക്കരുത്. അതേ സമയം, നമുക്ക് ചുറ്റും കാണപ്പെടുന്ന ആവശ്യങ്ങളുടെ നേർക്ക് നാം കണ്ണടച്ചാൽ ദൈവം ഉദ്ദേശിച്ചതിൽനിന്നു നാം കീഴ്പ്പോട്ടു പോകുന്നു. "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടെ സ്നേഹിക്കുക" എന്നത് ഒന്നാമത്തെ മഹത്തായ കല്പനയാകുമ്പോൾ, രണ്ടാമത്തേത് "നിന്റെ അയൽക്കാരനെ നിന്നെപോലെ സ്നേഹിക്കുക" എന്നതാണ് (മത്തായി 22:37,39). യോഹന്നാൻ എഴുതി,

എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും, തന്റെ

സഹോദരന്നു മുട്ടുള്ളതു കണ്ടിട്ടു അവനോടു മനസലിവു കാണിക്കാഞ്ഞാൽ, ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? (1 യോഹന്നാൻ 3:17).

... താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്നു, കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കേണം എന്നീ കല്പന, നമുക്ക് അവങ്കൽ നിന്നു ലഭിച്ചിരിക്കുന്നു (1 യോഹന്നാൻ 4:20, 21).

### എങ്ങനെ ചിലർ സഹായം ഒഴിവാക്കുന്നു

നമ്മുടെ കഥയിലേക്ക് നമുക്ക് മടങ്ങി വരാം. നാം മനസിലാക്കിയതുപോലെ, പുരുഷാരത്തിന്റെ ആവശ്യം യേശുവിനു അറിയാമായിരുന്നതുകൊണ്ട്, അവരെ സഹായിക്കുവാൻ അപ്പൊസ്തലന്മാരോടു പറഞ്ഞു. സഹായം അഭ്യർത്ഥിക്കുമ്പോൾ നാം ചിലപ്പോൾ പ്രതികരിക്കുന്നതുപോലെയായിരുന്നു അപ്പൊസ്തലന്മാർ പ്രതികരിച്ചത്.

### "നമുക്ക് അതിനുള്ള വിഭവങ്ങളില്ല"

സ്പഷ്ടമായും, യേശു ആദ്യം വെല്ലുവിളി നല്കിയതു ഫിലിപ്പൊസിനോടായിരുന്നു:

യേശു വലിയോരു പുരുഷാരം, തന്റെ അടുക്കൽ വരുന്നതു കണ്ടിട്ട്, ഫിലിപ്പൊസിനോട്, "ഇവർക്ക് തിന്നുവാൻ, നാം എവിടെ നിന്നു അപ്പം വാങ്ങും എന്നു ചോദിച്ചു?" ഇതു അവനെ പരീക്ഷിപ്പാനത്രേ ചോദിച്ചത്, താൻ എന്തു ചെയ്വാൻ[17] പോകുന്നു എന്നു താൻ അറിഞ്ഞിരുന്നു (യോഹന്നാൻ 6:5, 6).

കർത്താവ് എന്തുകൊണ്ടു ഫിലിപ്പൊസിനോട്[18] മാത്രം ചോദിച്ചു എന്നു നമുക്ക് അറിയില്ല. ഫിലിപ്പൊസ് ആ പ്രദേശത്തുകാരനായിരുന്നതുകൊണ്ടും[19] ലഭിക്കുവാനുള്ള വിഭവങ്ങളെ കുറിച്ച് അവനു നന്നായി അറിയാമായിരുന്നതുകൊണ്ടുമായിരിക്കാം എന്നു പറയപ്പെടുന്നു. കാരണം എന്തായാലും, ഫിലിപ്പൊസിനോടു ചോദിച്ചു; പലപ്പോഴും വെല്ലുവിളികളോട് നാം പ്രതികരിക്കുന്നതുപോലെയായിരുന്നു ആ അപ്പൊസ്തലൻ പ്രതികരിച്ചത്. തുടർന്നു, അവൻ പറഞ്ഞു, "*നമുക്ക്* പോയി എന്തെങ്കിലും ഉണ്ടോ എന്നു നോക്കാം.'' പെട്ടെന്നു, അവൻ സന്നിഹിതരായവരുടെ[20] എണ്ണം തിട്ടപ്പെടുത്തി. ഒരാൾക്ക് വേണ്ട അപ്പത്തിന്റെ എണ്ണത്തെ വന്നവരുടെ സംഖ്യയുമായി ഗുണിച്ച് മൊത്തം വേണ്ടതിന്റെ കണക്കു കൂട്ടി. പിന്നെ അവൻ അപ്പോഴത്തെ അപ്പത്തിന്റെ വില കണക്കാക്കി അതിനെ ആവശ്യമുള്ള അപ്പത്തിന്റെ എണ്ണവുമായി ഗുണിച്ചു. ''ഏറ്റവും കുറഞ്ഞതു എത്ര''[21] വേണ്ടിവരുമെന്നു യേശുവി നോടു പറഞ്ഞു: "ഓരോരുത്തന്നു അല്പം അല്പം വേണ്ടതിന്നു, ഇരുന്നൂറ് പണത്തിനു അപ്പം മതിയാകയില്ല" (യോഹന്നാൻ 6:7; നോക്കുക മർക്കൊസ് 6:37). ഒരു സാധാരണ ജോലിക്കാരന്റെ ഒരു ദിവസത്തെ ശമ്പളമാണ് ഒരു പണം എന്നത് (മത്തായി 20:2). ഇരുന്നൂറു പണം വേണമെങ്കിൽ

ഒരു ജോലിക്കാരൻ ചുരുങ്ങിയത് ആറ് മാസം ജോലി ചെയ്യണമായിരുന്നു! ശിഷ്യന്മാരുടെ കയ്യിലാണെങ്കിൽ[22] അതിന്റെ ഒരു ഭാഗം മാത്രമേ ഉണ്ടായിരിക്കയുള്ളൂ.

ഏതൊരു പ്രശ്നത്തിന്റെയും കാരണം പണമാണെന്നു നാം ചിന്തിച്ചു പോകാറുണ്ട് എന്നതു വാസ്തവമല്ലേ, അതുകൊണ്ട് ഒരാവശ്യമുണ്ടാകുമ്പോൾ ആദ്യം നാം നമ്മുടെ കയ്യിൽ പണം എത്രയുണ്ടെന്നു നോക്കുകയല്ലേ ചെയ്യുന്നത്? അതു ഒരു വ്യക്തിപരമായ വെല്ലുവിളിയാണെങ്കിൽ, ഒരുപക്ഷെ, "ഇപ്പോൾ കയ്യിൽ പണം ഇല്ലല്ലൊ" എന്നതായിരിക്കും നമ്മുടെ പ്രതികരണം. അത് ഒരു ഇടവകയുടെ വെല്ലുവിളിയാണെങ്കിൽ, ഒരുപക്ഷെ നാം പറയും, "ബഡ്ജറ്റിൽ ഞങ്ങൾ അതിനായി ഒന്നും നീക്കിവെച്ചിട്ടില്ല." ഒരു വലിയ ജോലി നമ്മുടെ മുമ്പിലെത്തുമ്പോൾ, അതിരില്ലാത്ത ശക്തിയുള്ള ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം, നാം നമ്മുടെ ശക്തിയിൽ മാത്രം ഒതുങ്ങി പോകുന്നത്, ഒരു പൊതുവായ പരാജയമാണ്.

കർത്താവിന്റെ വേലയെക്കുറിച്ച്, ക്രിസ്ത്യാനികൾ ചിലപ്പോൾ "തരംതിരിക്കുന്ന പക്ഷവാദത്തിനിര" യാകാറുണ്ട്, എന്നു പറയാറുണ്ട്. തങ്ങളുടെ ആ പ്രവൃത്തിയും ഈ പ്രവൃത്തിയും നടക്കുന്നി*ല്ലല്ലൊ* എന്ന അവസ്ഥയിലെത്തിയിരിക്കുന്നതായി ചിലർ ചിന്തിക്കുന്നു. ഈ കാര്യത്തിൽ എനിക്കും തെറ്റു പറ്റിയിട്ടുണ്ടെന്നു ഞാൻ ഏറ്റു പറയട്ടെ.

**"ഇതു ഞങ്ങളുടെ പ്രശ്നമല്ല"**

പിന്നീട്, എല്ലാ അപ്പൊസ്തലന്മാരും വലിയ പുരുഷാരത്തിന്റെ ആവശ്യങ്ങളെ അഭിമുഖീകരിക്കയുണ്ടായി – അവരുടെ പ്രതികരണത്തിൽ വീണ്ടും നമുക്ക് നമ്മെ കാണുവാൻ കഴിയും: "പകൽ കഴിവാറായപ്പോൾ, പന്തിരുവർ അടുത്തുവന്നു അവനോട്, 'ഇവിടെ നാം മരുഭൂമിയിൽ ആയിരിക്കകൊണ്ട്; പുരുഷാരം ചുറ്റുമുള്ള ഊരുകളിലും കുടികളിലും പോയി, രാത്രി പാർപ്പാനും ആഹാരം വാങ്ങുവാനും വേണ്ടി അവരെ പറഞ്ഞയക്കേണം' എന്നു പറഞ്ഞു" (ലൂക്കൊസ് 9:12).

പ്രായോഗികതയിൽനിന്നു താഴ്ന്ന ഒന്നായിരുന്നു അവരുടെ "പരിഹാരം." പത്തു പതിനയ്യായിരം പേർ ആ പ്രദേശത്തുള്ള ചെറിയ ടൗണിലേക്കോ ഗ്രാമത്തിലേക്കോ ചിതറി പോകുമ്പോൾ ഉണ്ടാകുന്ന കുഴപ്പങ്ങൾ ഒന്നു ഊഹിച്ചുനോക്കുക. പതിനായിരക്കണക്കിനു വിശപ്പുള്ള ആളുകൾ എന്റെ ചെറിയ ഗ്രാമമായ ജുഡ്സോനിയയിൽ ആഹാരത്തിനായി വന്നാൽ, അതു കുഴപ്പം തന്നെയാണ്! ശിഷ്യന്മാർ എന്തു കൊണ്ടാണ് ആ നിർദ്ദേശം നല്കിയത്? ഒരുപക്ഷെ, അവർ ക്ഷീണിച്ച് വിശന്നിരുന്നതുകൊണ്ട്, പ്രശ്നം പരിഹരിക്കുവാൻ അവർക്ക് താല്പര്യമില്ലാതിരുന്നേക്കാം.

നിർഭാഗ്യവശാൽ, ആളുകൾ ആവശ്യങ്ങളുമായി വരുമ്പോൾ ചിലപ്പോൾ നമ്മുടേയും "പരിഹാരം" ഇങ്ങനെയായിരിക്കും: "പോകുക. നിങ്ങൾ തന്നെ നിങ്ങളുടെ കാര്യങ്ങൾ നോക്കിക്കൊൾക. അതു എന്റെ ഉത്തരവാദിത്വമല്ല. എന്നെ ശല്യം ചെയ്യരുത്.'' നമുക്ക് ശല്യം ചെയ്യുന്നതു ഇഷ്ടമല്ല. മറ്റുള്ളവരുടെ ഭാരം ചുമക്കുവാൻ നാം ആഗ്രഹിക്കുന്നില്ല. ഒരിക്കൽ കൂടെ, അതിൽ എനിക്ക് "കുറ്റബോധം" തോന്നുന്നു എന്നു പറയട്ടെ.

**“അവർക്ക് അതിനു അർഹതയില്ല”**

പുരുഷാരത്തെ സഹായിക്കാതിരിക്കുവാൻ അപ്പൊസ്തലന്മാർക്ക് വേറെയും കാരണങ്ങൾ പറയുവാൻ കണ്ടേക്കാം. ഉദാഹരണത്തിനു, അവർക്ക് ഇങ്ങനെ പറയാമായിരുന്നു, “ഞങ്ങളുടെ സഹായം അവർ അർഹിക്കുന്നില്ല. അവർ വാസ്തവത്തിൽ ആത്മിയകാര്യങ്ങളിൽ താല്പര്യമില്ലാത്തവരാണ്. അവർ ഇവിടെ വന്നിരിക്കുന്നതു സൗജന്യ വൈദ്യസഹായത്തിനും സൗജന്യ ഭക്ഷണത്തിനുമാണ്.”[24] അത്തരം വിവേചനം ശരിയാണെന്നു തുടർന്നു നടന്ന സംഭവങ്ങൾ തെളിയിക്കുന്നു; പുരുഷാരത്തെ കുറിച്ച് അവർ അമിതാഭിലാഷമുള്ളവരും അവരുടെ മുൻഗണനകൾ തെറ്റാണെന്നും[25] യേശു പിന്നീട് പറയുകയുണ്ടായി.

ആളുകളുടെ വിചാരങ്ങളും ഉദ്ദേശങ്ങളും ക്രിസ്തുവിനു അറിയാമായിരുന്നു (യോഹന്നാൻ 2:25), പക്ഷെ അവരെ സഹായിക്കാതിരിക്കുവാൻ അവൻ അത് ഒരു ഒഴികഴിവായി കണ്ടില്ല. അലസതയും ഒഴികഴിവും നാം പ്രോൽസാഹിപ്പിക്കരുത് (2 തെസലൊനിക്യർ 3:10); എന്നാൽ ഒരു ആവശ്യം വാസ്തവത്തിലുള്ളതാണെങ്കിൽ, നാം സഹായിക്കണം – അതു ലഭിക്കുന്ന ആൾ ആരാണെന്നതുകൊണ്ടല്ല, മറിച്ച് നാം ആരാണെന്നതു കൊണ്ടാണ്.[26]

സഹായിക്കാതിരിക്കുന്നതിനുള്ള[27] ശിഷ്യന്മാരുടെ ഒഴികഴിവുകൾ കർത്താവു സ്വീകരിച്ചില്ല. പകരം, അവൻ പറഞ്ഞു, “നിങ്ങൾ അവർക്ക് എന്തെങ്കിലും തിന്മാൻ കൊടുക്ക!'' (മർക്കൊസ് 6:37). അവൻ ഈ വാക്കുകൾ പറഞ്ഞപ്പോൾ അവന്റെ കണ്ണുകൾ അല്പം പ്രകാശിച്ചുവോ? ഇപ്പോഴും അവന്റെ അനുയായികൾ ‘‘എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ” ചെയ്യാതിരിക്കുന്നതിനുള്ള ഒഴികഴിവ് അവൻ സ്വീകരിക്കുകയില്ല (ഗലാത്യർ 6:10).

## നമുക്ക് എങ്ങനെ സഹായിക്കുവാൻ കഴിയും

അത് സംഭവത്തിന്റെ നിഷേധഭാഗമാണ്. ഇനി നമുക്ക് അതിന്റെ ക്രിയാത്മകമായ വശം നോക്കാം: ആളുകൾക്ക് അർഹമായ ആവശ്യങ്ങൾ ഉണ്ടാകുമ്പോൾ നമുക്ക് അവരെ എങ്ങനെ സഹായിക്കുവാൻ *കഴിയും?*

### യേശുവിന്റെ ആത്മാവിനെ ഉൾക്കൊള്ളുക

നാം യേശുവിന്റെ ആത്മാവിനെ ഉൾക്കൊള്ളണമെന്നതായിരിക്കാം ഒരുപക്ഷെ ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശം. ക്രിസ്തുവിനു പുരുഷാരത്തോട് *മനസലിവുണ്ടായിരുന്നതു*കൊണ്ട് അവൻ അവരെ *കൈക്കൊണ്ടു* എന്നതു ഓർക്കുക. അപ്പൊസ്തലന്മാർ ഒരുപക്ഷെ ശല്യമായി കണ്ടുവെങ്കിൽ, അവൻ കണ്ടതു ആവശ്യമായിട്ടായിരുന്നു.

മറ്റുള്ളവരുടെ ആവശ്യങ്ങളെ കുറിച്ചുള്ള അവബോധക്കുറവ് പരക്കെയുള്ള ഒരു പരാജയമാണ്. തീർച്ചയായും, എന്റെ പോരായ്മകളിൽ ഒന്ന് അതാണ്. കുറച്ചു നാളുകൾക്ക് മുൻപ്, ഒരു ശവ സംസ്ക്കാര ശുശ്രൂഷയിൽ വെച്ച്, അമ്മ മരിച്ചുപോയ ഒരു സ്ത്രീയെ എന്റെ ഭാര്യ ജോ ഉമ്മ വെച്ചപ്പോൾ, ആ സ്ത്രീ ജോയോടു പറഞ്ഞു, “എനിക്ക് അറിയാവുന്ന സ്ത്രീകളിൽ വെച്ച് ഏറ്റവും നല്ല സ്ത്രീയാണ് നിങ്ങൾ.” ആ അർഹതപ്പെട്ട പുകഴ്ത്തലിനു ഒരു കാരണമുണ്ട്: തനിക്കു ചുറ്റുമുള്ളവരുടെ ആവശ്യങ്ങളെക്കുറിച്ചു ജോ ബോധവതിയായിരുന്നു. അവൾ മറ്റുള്ളവരോടു

ആത്മാർത്ഥമായ കരുതൽ കാണിച്ചിരുന്നു അങ്ങനെ അവൾ മറ്റുള്ളവരെ സഹായിച്ചിരുന്നു. അവൾക്ക് അതിനുള്ള ഒരു പ്രത്യേക വരം ഉണ്ടായിരുന്നു.

മറ്റുള്ളവരെ സഹായിക്കുവാൻ ഏറ്റവും മുഖ്യമായി നമുക്ക് ക്രിസ്തുവിന്റെ മനോഭാവം വേണമെന്നു, ഞാൻ വീണ്ടും പറയട്ടെ. ആവശ്യമുള്ളവരോടു നാം ക്രിസ്തുവിന്റെ മനോഭാവം വളർത്തി യെടുത്താൽ, അതു മറ്റുള്ളവരെ സഹായിക്കുവാൻ നമുക്കുള്ള വിമുഖതയെയും തടസത്തെയും അതിജീവിക്കുവാൻ സഹായിക്കും. എങ്കിലും, പ്രത്യേകമായ ചില നിർദ്ദേശങ്ങളും സഹായകരമായേക്കാം. നമുക്ക് സംഭവം തുടരാം.

**നിങ്ങൾക്കുള്ള വിഭവങ്ങൾ ഉപയോഗിക്കുക**

ഫിലിപ്പൊസും മറ്റു ശിഷ്യന്മാരും തങ്ങളുടെ കയ്യി*ലില്ലാത്തതിനെ* ക്കുറിച്ചായിരുന്നു ചിന്തിച്ചിരുന്നത്, എന്നാൽ യേശുവോ ലഭ്യ*മായ* വിഭവങ്ങളെക്കുറിച്ചു ബോധമുള്ളവരാകുവാൻ അവരെ പ്രോൽസാഹിപ്പിച്ചു. അവൻ പറഞ്ഞു, "നിങ്ങൾക്ക് എത്ര അപ്പമുണ്ട്? ചെന്നു നോക്കുവിൻ!" (മർക്കൊസ് 6:38). "പോയി വാങ്ങുക" എന്നതായിരുന്നു ശിഷ്യന്മാരുടെ "പരിഹാരം" (മത്തായി 14:15; മർക്കൊസ് 6:37 നോക്കുക), എന്നാൽ യേശു പറഞ്ഞതോ "നിങ്ങ*ൾക്ക്* എത്ര അപ്പം ഉണ്ട് എന്നു :നോക്കുക."

സ്പഷ്ടമായും, കൂടി വന്ന എല്ലാവരെയും അവർ പരിശോധിച്ചു. യേശുവും അപ്പൊസ്തലന്മാരും തിടുക്കത്തിൽ വന്നതുകൊണ്ട് അവർ[28] ഒന്നും കരുതിയിരുന്നില്ല, പൊതുവിൽ പുരുഷാരവും അങ്ങനെ തന്നെ യായിരുന്നു. അപ്പൊസ്തലന്മാർ വിപുലമായ തിരച്ചിൽ നടത്തി. (പത്തു പതിനയ്യായിരം പേരെ പരിശോധിക്കുവാൻ എത്ര സമയം എടുത്തിരിക്കും?) എന്നിട്ടും, ഒരു കുട്ടിക്കുള്ള ലഘുഭക്ഷണം മാത്രമേ കണ്ടെത്തുവാൻ കഴിഞ്ഞുള്ളു. അന്ത്രയോസ് യജമാനനോടു പറഞ്ഞു, ''ഇവിടെ ഒരു ബാലകനുണ്ട് അവന്റെ പക്കൽ അഞ്ചു യവത്തപ്പവും രണ്ടു മീനുമുണ്ട്, എങ്കിലും ഇത്ര പേർക്ക് അതു എന്തുള്ളു" (യോഹ ന്നാൻ 6:9).

''അപ്പം'' എന്നു വായിക്കുമ്പോൾ, വീട്ടിലുള്ളവർക്കു മുഴുവൻ കഴിക്കാവുന്ന അപ്പമാണെന്നു ധരിക്കരുത്. ഇതു ബിസ്ക്കറ്റിനേക്കാൾ[29] അധികം വലിപ്പമില്ലാത്ത, പരന്ന കേക്ക് പോലെയുള്ള, ചെറിയ അപ്പമാണ്. അപ്പം ബാർലികൊണ്ടാണ് ഉണ്ടാക്കിയിരുന്നത്; ബാർലി ദരിദ്രരുടെ ആഹാരമായിരുന്നു. മീനാണെങ്കിൽ ആ പ്രദേശത്ത് ലഭിക്കുന്ന ചെറിയ ഇന മായിരുന്നു; സാർഡിൻ[30] എന്ന ചെറിയ മൽസ്യത്തെ പോലെ ഉള്ളത് ഊഹി ക്കുക. ''അഞ്ചു യവത്തപ്പവും രണ്ടു മീനും": ഓരോ ആയിരം പേർക്ക് ഒരപ്പവും 2,500 പേർക്കു ഭാഗിച്ചു കൊടുക്കുവാൻ ചെറിയ മീനുമാണുണ്ടായിരുന്നത്! വിശക്കുന്ന ഒരു കുട്ടി ആ ലഘു ഭക്ഷണം കഴിച്ചാലും വിശപ്പ് അടങ്ങുകയില്ല. അന്ത്രയോസിന്റെ വാക്കുകൾ സത്യം മുഴുവനും പ്രകടിപ്പിക്കുന്നതായിരുന്നില്ല: ''ഇത്രയും ആളുകൾക്ക് അതെന്തുള്ളൂ?"

ഞാൻ അല്പം നിർത്തിയിട്ട് ആ ബാലൻ തന്റെ ആഹാരം നല്കുവാൻ തയ്യാറായതിനെ കുറിച്ചു പറയട്ടെ. കുട്ടികൾ ആഹാരം കഴിക്കുവാനിഷ്ടപ്പെടുന്നതു മനസിലാക്കിയ ഒരാൾ, തമാശയായി പറഞ്ഞു, "അതു അപ്പം പെരുപ്പിക്കുന്നതിനേക്കാൾ വലിയ അത്ഭുത മായിരുന്നു!"

യഥാർത്ഥത്തിൽ, ആ ബാലന്റെ സംഭാവന ശ്രദ്ധേയം തന്നെ. അവൻ ബാലനായിരുന്നെങ്കിലും, അവൻ കർത്താവിൽ സംപ്രീതിയുള്ളവനും, വിശ്വാസം ഉള്ളവനുമായിരുന്നു എന്ന് എനിക്ക് തീർച്ചയുണ്ട്. അതു വിസ്മയിപ്പിക്കുന്നതല്ലേ?

അവർക്ക് അധികം ഇല്ലെങ്കിലും, അല്പം ഉണ്ടെന്ന വസ്തുത അവരെ മനസിലാക്കിക്കൊടുപ്പാൻ, യേശു ആഗ്രഹിച്ചു. നമുക്കുള്ള*തും* കഴയു*ന്നതുമായ*വയെ കുറിച്ച് ആലോചിക്കുന്നതിനേക്കാൾ നമുക്ക് ഇല്ലാ*ത്തതിനെ* കുറിച്ചും കഴിയാ*ത്തവയെ* കുറിച്ചും ചിന്തിക്കുവാൻ മിടുക്കുള്ളവരാണ് നമ്മിൽ അധികം പേരും. നിങ്ങളുടെ സമ്പാദ്യവും താലന്തും ചുരുക്കമായതുകൊണ്ട് നിങ്ങൾ ലജ്ജിക്കുന്നുണ്ടാകാം, എന്നാൽ എന്തുതന്നെയായാലും അതു കർത്താവിന്നായി സമർപ്പി ക്കുക. അവൻ നിങ്ങളെ ഫലങ്ങളാൽ അതിശയിപ്പിക്കും!

### നിങ്ങളുടേതിൽ ആശ്രയിക്കാതെ കർത്താവിന്റെ ശക്തിയിൽ ആശ്രയിക്കുക

നിങ്ങളുടെ വിഭവങ്ങൾ ദൈവശുശ്രൂഷക്കായി ഉപയോഗിക്കു മ്പോൾ, നിങ്ങൾ ആകാശത്തിന്റേയും ഭൂമിയുടേയും ഉടയവനുമായി ചേർന്നു പ്രവർത്തിക്കുകയാണ് എന്നു മനസ്സിലാക്കുക (ഉൽപത്തി 14:22)! കൂടാതെ, നിങ്ങൾക്ക് കുറച്ചാണുള്ളതെങ്കിലും അതു കർത്താവിന്റെ വേലക്കായി നിങ്ങൾ സമർപ്പിക്കുമ്പോൾ, ആ കുറഞ്ഞവയെക്കൊണ്ട് കർത്താവിന്നു അത്ഭുതം ചെയ്യുവാൻ കഴിയുമെന്നും മനസിലാക്കുക. കർത്താവിന്റെ കയ്യിൽ കുറച്ചുള്ളതു വളരെ ആണെന്നു പലപ്പോഴും പറയപ്പെട്ടിട്ടുണ്ട്. നാം പഠിക്കുന്ന സംഭവത്തേക്കാൾ നല്ല ചിത്രീകരണം അതിനു മറ്റൊന്നില്ല.

ഒരുപക്ഷെ നിങ്ങൾക്ക് ആ സംഭവം പരിചയമുണ്ടായിരിക്കാം: യേശു അപ്പൊസ്തലന്മാരോടു പറഞ്ഞു, “ആളുകളെ ഇരുത്തുവിൻ” (യോഹന്നാൻ 6:10).[31] പിന്നെ അവൻ “എല്ലാവരെയും പന്തിപന്തിയായി ... ഇരുത്തുവാൻ കല്പിച്ചു,” ‘‘അവർ നൂറും അമ്പതും വീതം നിരനിരയായി ഇരുന്നു” (മർക്കൊസ് 6:39, 40). യേശു അവരെ അങ്ങനെ ഇരുത്തുവാൻ പല കാരണങ്ങൾ ഉണ്ടായിരുന്നേക്കാം. അത്തരം ക്രമീകരണം അവരെ പോറ്റുന്നതിനു സഹായകരമത്രേ. പതിനായിരം പേർ യേശുവിനു ചുറ്റും നിന്നു, ഇരിപ്പിടത്തിനു വേണ്ടി കൈ നീട്ടുന്നതു, നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നുണ്ടോ? അതിലുപരി, ആർക്കും ഇരിപ്പിടം കിട്ടാതെ വരികയില്ല എന്ന് അത് ഉറപ്പുനൽകി. അതിനു പുറമേ പുരുഷാരത്തെ എണ്ണുവാനും – അത്ഭുതത്തെ ആധികാരമാക്കുവാനും അതു സഹായിച്ചു.

### നിങ്ങൾക്ക് മനസിലായാലും ഇല്ലെങ്കിലും, കർത്താവ് പറയുന്നത് ചെയ്യുക

പുരുഷാരത്തെ സംഘടിപ്പിച്ചപ്പോൾ പന്തിരുവർക്ക് ലജ്ജ തോന്നിയോ? അഞ്ചു അപ്പവും രണ്ടു മീനും മാത്രമുള്ളപ്പോൾ അവരോട് ഭക്ഷണത്തിനിരിക്കുവാൻ പറഞ്ഞപ്പോൾ പുരുഷാരം ലജ്ജ യോടെ നോക്കി കാണുമോ? അവരുടെ ബഹുമതിക്കായി, അവർ കർത്താവ് പറഞ്ഞതു ചെയ്തു. ഏതൊരു പ്രവർത്തിയുടേയും വിജയ ത്തിനുള്ള ആദ്യപടി നമ്മുടെ വിഭവങ്ങളെ അളക്കാതെ ദൈവേഷ്ടം നിർണ്ണയിച്ച് – അതു ചെയ്യുകയാണ്

വേണ്ടതെന്ന് പറയപ്പെട്ടിട്ടുണ്ട്.

എല്ലാവരും തയ്യാറായപ്പോൾ, ക്രിസ്തു "അഞ്ചുഅപ്പവും രണ്ടു മീനും എടുത്ത്, സ്വർഗത്തിലേക്ക് നോക്കി," അതു സകല ദാനങ്ങളുടേയും ഉറവിടമാണ് (യാക്കോബ് 1:17), "അവൻ ഭക്ഷണത്തെ വാഴ്ത്തി" (മത്തായി 14:19) അതിനു നന്ദി കരേറ്റി (നോക്കുക യോഹന്നാൻ 6:11, 23).[32] ആഹാരത്തിനു മുമ്പുള്ള യെഹൂദന്മാരുടെ പ്രാർത്ഥന വളരെ ലളിതമായി രുന്നു: "ഭൂമിയിൽ നിന്നു, ആഹാരം തരുന്ന പ്രപഞ്ചത്തിന്റെ രാജാവും, ഞങ്ങളുടെ ദൈവവുമായ, യഹോവ വാഴ്ത്തപ്പെട്ടവൻ."[33] ഒരുപക്ഷെ യേശു അതുപോലെയുള്ള വാക്കുകളായിരിക്കാം ഉപ യോഗിച്ചത്.

പിന്നീടാണ് മനസിനെ–അത്ഭുതപ്പെടുത്തുന്ന ഭാഗം വരുന്നത്: ക്രിസ്തു "ആ അഞ്ചപ്പം എടുത്ത് നുറുക്കി പുരുഷാരത്തിനു വിളമ്പുവാൻ ശിഷ്യന്മാരുടെ കയ്യിൽ കൊടുത്തു [ആളുകൾക്ക്; ലൂക്കൊസ് 9:16]; ആ രണ്ടു മീനും എല്ലാവർക്കും ഭാഗിച്ചു കൊടുത്തു" (മർക്കൊസ് 6:41). ഞാൻ ഉച്ചത്തിൽ നിലവിളിച്ചേക്കാം, "ഒരു നിമിഷം നില്ക്കണേ! കൂടുതലായി എന്നോടു പറയണേ! അതു ശരിക്കും എങ്ങനെ യാണിരു ന്നത്! സംഭവിച്ചതു ഒന്നു വിശദീകരിക്കാമോ!" ഒരിക്കൽകൂടെ (നമുക്ക് ആവശ്യമാണെങ്കിലും), നമ്മുടെ ആകാംക്ഷ ശമിപ്പിക്കുന്നതിനു വേണ്ടി എഴുതപ്പെട്ടതല്ല ബൈബിൾ എന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു.

സംഭവിച്ചതിനെക്കുറിച്ച്, അത്ഭുതം നടന്നത് യേശുവിന്റെ കയ്യിലാണെന്ന് എനിക്ക് ഉറപ്പുണ്ട്. യേശു അപ്പൊസ്തലന്മാരുടെ കയ്യിൽ കുട്ട നിറച്ചു കൊടുക്കയും അവർ വിതരണം ചെയ്തുകൊണ്ടിരുന്നപ്പോൾ എല്ലാവർക്കും ലഭിക്കുന്നതുവരെ പെരുകിക്കൊണ്ടിരുന്നു എന്നാണ് ചിലർ വിശ്വസിക്കുന്നത്. എങ്ങനെയായാലും, വേദഭാഗം പറയുന്നത്, എന്തെന്നാൽ "[അപ്പം] നുറുക്കി അവർക്കു [പുരുഷാരം] വിളമ്പുവാൻ തന്റെ ശിഷ്യന്മാർക്കു കൊടുത്തു *കൊണ്ടിരുന്നു*" എന്നാണ് (മർക്കൊസ് 6:41).[34] മറ്റൊരു വാക്കിൽ പറഞ്ഞാൽ, കുട്ട[35] നിറയ്ക്കുവാൻ അപ്പൊസ് തലന്മാർ യേശുവിന്റെ അടുക്കലേക്ക് വീണ്ടും വീണ്ടും വരേണ്ടി യിരുന്നു. യേശു പാചകക്കാരനും ശിഷ്യന്മാർ വിളമ്പുന്നവരുമായി രുന്നു[36] എന്ന് ആരോ പറയുകയുണ്ടായി.

ആ അത്ഭുതത്തെ കുറിച്ച് ഊഹിക്കുകയാണെങ്കിൽ, ഏലിയാവിന്റെ കാലത്ത് കലത്തിലെ മാവ് തീർന്നുപോകാതിരുന്നതും ഭരണിയിലെ എണ്ണ തീർന്നുപോകാതിരുന്നതുമാണ് എനിക്ക് ഓർമ്മ വരുന്നത് (1 രാജാക്കന്മാർ 17:14–16) – ആ ബാലൻ അപ്പവും മീനും സൂക്ഷിച്ചിരുന്ന ബാഗിലേക്കോ കുട്ടയിലേക്കോ യേശു വീണ്ടും വീണ്ടും എടുക്കുവാൻ കൈ നീട്ടിക്കൊണ്ടിരുന്നു. (യേശു കൂടുതൽ അപ്പം എടുത്തുകൊടുക്കുമ്പോൾ സന്നിഹിതരായിരുന്നവരുടെ മുഖക്കണ്ണുകൾ വിടരുന്നതു കണ്ട് യേശുവിന്റെ മുഖത്ത് പുഞ്ചിരി വിരിയുന്നത് എനിക്ക് കാണുവാൻ കഴിയുന്നുണ്ട്.) ഓരോന്നിന്റേയും വിശദാംശങ്ങൾ നോക്കുന്നത് അപ്രധാനമാണ്. ഒരു *അത്ഭുതം* – വാസ്തവത്തിലുള്ള അത്ഭുതം നടന്നു എന്നറിഞ്ഞാൽ മതി.

മത്തായിയും, മർക്കൊസും, ലൂക്കൊസും പറയുന്നതനുസരിച്ച്, ആളുകൾ "തൃപ്തരാകുന്നതു" വരെ തിന്നു (മത്തായി 14:20; മർക്കൊസ് 6:42; ലൂക്കൊസ് 9:17). അവക്ക് "വേണ്ടുന്നേടത്തോളം" ലഭിച്ചു തിന്നു "തൃപ്തരായി" എന്നാണ് യോഹന്നാൻ ഊന്നിപ്പറയുന്നത് (യോഹന്നാൻ 6:11, 12). അതുപോലെയുള്ള ഭക്ഷണം കൂടുതലായി ലഭിക്കുന്നതിനു അടുത്ത

ദിവസം പുരുഷാരം എത്തിയതുകൊണ്ട് (യോഹന്നാൻ 6:26, 27, 34), യേശു ഭക്ഷണത്തിന്റെ ഗുണനിലവാരം ഉയർത്തിയിരിക്കാം – അതിനാൽ ഉണങ്ങിയ യവത്തപ്പത്തിന്റേയും, ഉപ്പുള്ള മീനിന്റേയും സ്ഥാനത്ത് അവർക്ക് രാജകീയമായ വിരുന്നു ലഭിച്ചിരിക്കാം.

എല്ലാവരും തിന്നു തൃപ്തരായശേഷം, യേശു ശിഷ്യന്മാരോടു പറഞ്ഞു, "ശേഷിച്ച ഭക്ഷണം ഒന്നും നഷ്ടമാക്കാതെ ശേഖരിപ്പിൻ" (യോഹന്നാൻ 6:12), "കഷണങ്ങളും മീൻനുറുക്കുകളും, പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു" (മർക്കൊസ് 6:43).[37] വിഭവങ്ങൾ നഷ്ടമാക്കു ന്നതു കർത്താവിനു ഇഷ്ടമല്ല എന്നു കാണിക്കുവാൻ ഈ ഭാഗം ഉപയോഗിച്ചിട്ടുണ്ട് – അതു യുക്തമായ പ്രായോഗികതയുമാണ്. എങ്കിലും, ആ വിശദാംശങ്ങളുടെ ഉദ്ദേശം, അത്ഭുതത്തിന്റെ വിചിത്ര സ്വഭാവത്തെ കാണിക്കുക എന്നതാണ്. ആ അത്ഭുതത്താൽ പതിനായിരം മുതൽ പതിനയ്യായിരം പേരെ പോറ്റുക മാത്രമല്ല, ആരംഭത്തിൽ ഉണ്ടായിരുന്നതിനേക്കാൾ ഭക്ഷണം അവസാനം ഉണ്ടായി!

നിർഭാഗ്യവശാൽ, വാസ്തവത്തിൽ ഭൗതികമായ അത്ഭുതം നടന്നു എന്നതു നിഷേധിക്കുന്നവരുണ്ട്. ആ ബാലൻ തന്റെ അഞ്ചപ്പവും മീനും[38] നിസ്വാർത്ഥമായി പങ്കുവെച്ചപ്പോൾ അനേകർ തങ്ങളുടെ വസ്ത്രത്തിനുള്ളിൽ ഒളിച്ചുവെച്ചിരുന്ന ഭക്ഷണം പുറത്തെടുത്തു മറ്റുള്ളവർക്കായി പങ്കിടുവാൻ കൊടുത്തു എന്ന ആശയം ചിലർ പ്രചരിപ്പിക്കയു ണ്ടായിട്ടുണ്ട്. ഉപരിതലത്തിൽ പോലും, ആ "വിശദീകരണം" അർത്ഥ ശൂന്യമാണ്. അവരുടെ ആഹാരം പങ്കു വെക്കുന്നതിനായി യേശു അവരെ ലജ്ജിപ്പിച്ചുവെങ്കിൽ, അവർ അവനെ രാജാവാക്കുവാൻ ആവേശം കാണിച്ചതിനു വിശദീകരണം അസാധ്യമാക്കുന്നു (യോഹ ന്നാൻ 6:15). ഭക്ഷണം ഒന്നും ഉണ്ടാക്കാതെ ഉണ്ടായിരുന്നതാണ് കൊടുത്തതെങ്കിൽ, അധികം ഭക്ഷണത്തിനായി അവർ അടുത്ത ദിവസം അവന്റെ അടുക്കൽ വരുമായിരുന്നില്ല. യുക്തിപരമായ മറ്റു വിശദീകര ണങ്ങളും ഉണ്ടായേക്കാം,[39] എന്നാൽ അവയെല്ലാം യോഹന്നാൻ പറഞ്ഞ യേശു ഒരു *"അടയാളം"* ചെയ്തു എന്നതിനെ നിഷേധിക്കുന്നു – അതായതു, അത്ഭുതം (യോഹന്നാൻ 6:14; എംഫസിസ് മൈൻ). ബൈബിൾ വിവരണം വ്യക്തമാണ്: ഒരു ബാലന്റെ ലഘുഭക്ഷണം എടുത്ത് യേശു ആയിരക്കണക്കിനു ആളുകളെ പോഷിപ്പിച്ചു!

### മറ്റുള്ളവരെ സഹായിക്കാതിരിക്കുന്നതിനുള്ള ഒഴികഴിവുകൾ നീക്കം ചെയ്യുക

യേശുവിന്റെ കയ്യിലെ കുറച്ചുള്ളത് കൂടുതൽ തന്നെയാണെന്ന്, ഒരിക്കൽകൂടെ ഊന്നി പറയട്ടെ. നമുക്ക് ഇല്ലാത്തതിനും ചെയ്യുവാൻ കഴിയാത്തതിനും പരാതിപ്പെടുന്നതു നമുക്ക് നിർത്താം. പിന്നെയോ, നമുക്ക് ഉള്ളതുകൊണ്ട് ചെയ്യുവാൻ കഴിയുന്നത് ചെയ്തു മറ്റുള്ളവരെ സഹായിക്കാം – അപ്പോൾ കാണാം അവൻ എങ്ങനെ നമ്മുടെ വിഭവങ്ങളെ വർദ്ധിപ്പിച്ച് ഫലവത്താക്കിത്തീർക്കുമെന്ന്!

### ഉപസംഹാരം

അപ്പൊസ്തലന്മാർ അതിൽ നിന്നു അനുഭവം പഠിക്കുവാനാണ് – ജീവിതത്തിൽ നേരിടുന്ന *ഏതൊരു* വെല്ലുവിളിയേയും നേരിടുവാൻ

സഹായിക്കുമെന്നു മനസിലാക്കുവാനാണ് യേശു ആഗ്രഹിച്ചത് (മർക്കൊസ് 6:52 നോക്കുക). ആ സത്യം മനസിലാക്കുവാൻ അപ്പൊസ്തലന്മാർക്ക് പ്രയാസം നേരിട്ടു, നാം കൂടുതൽ പ്രതികരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സഹായിക്കാതിരിക്കുവാൻ ഒഴികഴിവു കണ്ടെത്തുന്നതു നിർത്തി നമുക്ക് ചെയ്യുവാൻ കഴിയുന്നതു ചെയ്താൽ, ദൈവം നമ്മുടെ പരിശ്രമങ്ങളെയും മറ്റുള്ളവരുടെ ജീവിതത്തെയും അനുഗ്രഹിക്കും.

മറ്റുള്ളവരെ സഹായിക്കുന്നതിനെ ആസ്പദമാക്കിയുള്ള എന്റെ ഈ പ്രസംഗം അഞ്ചപ്പവും രണ്ടു മീനുമാണ്. അതിന്റെ പരിമിതിയെ കുറിച്ച് എനിക്കറിയാം. അതിൽ തന്നെ, അത് കേൾക്കുന്ന ആയിരക്കണക്കിനു ആളുകളുടെ ഹൃദയങ്ങളെ പോഷിപ്പിക്കുവാൻ, അതിനു കഴിയുകയില്ലെന്ന് എനിക്കറിയാം. അതുകൊണ്ട്, ദൈവം അതിനെ അനുഗ്രഹിച്ച് അതിന്റെ ഉപയോഗത്തെ വർദ്ധിപ്പിക്കട്ടെ, എന്നാണ് എന്റെ പ്രാർത്ഥന. എല്ലാറ്റിലുമുപരി, ആളുകൾക്ക് ആവശ്യങ്ങൾ ഉണ്ടെന്നും, അവ നാം നിറവേറ്റുവാൻ സഹായിക്കണമെന്നും, കർത്താവിന്റെ സഹായത്താൽ, നമുക്ക് അവയെ നിറവേറ്റുവാൻ *കഴിയും* എന്നും, മനസ്സിലാക്കുവാൻ അതു നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു![40]

**പ്രസംഗക്കുറിപ്പുകൾ**

ഈ അവതരണത്തിൽ, പൊതുവിൽ ആവശ്യമുള്ളവരെ സഹായിക്കുന്നതിനെയാണ് ഊന്നി പറഞ്ഞിരിക്കുന്നത്. മറ്റുള്ളവരെ സഹായിക്കുന്നതിന്റെ ഒരു വശത്തിനു മാത്രം നിങ്ങൾക്ക് വേണമെങ്കിൽ കൂടുതൽ ഊന്നൽ നൽകാം: "ആളുകൾക്ക് സഹായം അർഹമല്ലാതെ വരുമ്പോൾ."

പ്രസ്താവിച്ചുകൊണ്ടു പ്രസംഗിക്കുന്നതു നിങ്ങൾക്ക് ഇഷ്ടമാണെങ്കിൽ, ഒരു ബാലന്റെ ലഘുഭക്ഷണം യേശു വർദ്ധിപ്പിച്ച കാഴ്ച്ചപ്പാടിൽ ആ സംഭവത്തെ പറയാം.

ഇതിന്റെ തലക്കെട്ട് അല്പം മാറ്റം വരുത്തുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് ആ പ്രസംഗത്തെ "പതിനായിരം പേരെ പോഷിപ്പിക്കൽ" എന്നാക്കാം.

---

കുറിപ്പുകൾ

[1]യേശു ചെയ്ത ആയിരക്കണക്കിനു അത്ഭുതങ്ങളിൽ, യോഹന്നാൻ ഏഴെണ്ണം മാത്രമാണ് തിരഞ്ഞെടുത്തത് എന്നതു പരിഗണിക്കുമ്പോൾ, ആവർത്തിക്കുന്നതിൽ കൂടുതൽ പ്രാധാന്യം ഉണ്ടെന്നു കാണാം – കൂടാതെ സംക്ഷിപ്ത സുവിശേഷ വിവരണങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് അതേപടി പകർത്തുന്നതു യോഹ ന്നാൻ ഒഴിവാക്കിയിരിക്കയാണ്. (*ക്രിസ്തുവിന്റെ ജീവിതം, 1* എന്ന പുസ്തകത്തിലെ "യോഹന്നാന്റെ പുസ്തകം," എന്ന പാഠം വായിക്കുക.) [2]ക്രിസ്തു എന്തെങ്കിലും "ഉണ്ടാക്കുന്നതിനെ" യാണ് "ക്രിയാത്മക" അത്ഭുതം എന്നു പറയുന്നത്. മറ്റൊരു ഉദാഹരണമാണ് വെള്ളത്തെ വീഞ്ഞാക്കുന്നത്. [3]കഴിഞ്ഞ പാഠത്തിൽ, വിശ്വാസത്തിന്റെ പരിശോധനയുടെ കാഴ്ച്ചപ്പാടിൽ നാം ആ സംഭവത്തെ കാണുകയുണ്ടായി. [4]2 തെസലൊനിക്യർ 3–ൽ പൗലൊസ് ഉപദേശിക്കുന്നതനുസരിച്ച്, ചിലരെ അലസത ശീലിപ്പിക്കാതിരിക്കേണ്ടതിനു അവരെ സഹായിക്കരു*ത്.* ഞാൻ അതിനെ ചുരുക്കമായി

വിവരിക്കുന്നുണ്ട് (നിങ്ങൾക്ക് വേണമെങ്കിൽ ആ വിഷയത്തെ വിപുലമാക്കാം), എന്നാൽ ഈ പ്രസംഗത്തിലെ എന്റെ ഉദ്ദേശം നിഷേധമല്ല ക്രിയാത്മകമാണ്. വാസ്തവത്തിലുള്ള/ശരിക്കുള്ള/അർഹമായ ആവശ്യങ്ങളെ കുറിച്ചു ഞാൻ പറയുമ്പോൾ, വചനപ്രകാരം പറയാവുന്നതിനെയാണ് ഞാൻ അർത്ഥമാക്കുന്നത്. [5]യേശുവിന്റെ ശുശ്രൂഷയിൽ ഹെരോദാവിന്റെ താല്പര്യത്തെ സംബന്ധിച്ച്, ഈ പുസ്തകത്തിൽ നേരത്തെ വന്ന "വിജയത്തിന്റെ അപകടം" എന്ന പാഠം, നോക്കുക. [6]കഫർന്നഹൂമിൽവെച്ചോ അല്ലെങ്കിൽ അതിനടുത്തുനിന്നോ ആയിരിക്കാം അവർ യാത്ര ആരംഭിച്ചത് എന്നു കരുതിയാണ് ആ പ്രസ്താവനകൾ നടത്തിയത്. ഈ പുസ്തകത്തിൽ കാണുന്ന "യേശുവിന്റെ ശുശ്രൂഷാവേളയിലെ പാലസ്തീൻ" എന്ന ചിത്രം നോക്കുക. യേശു കടലിന്റെ കിഴക്കേവശത്തേക്കു പിൻവാങ്ങിപ്പോയതിന്റെ ഉദ്ദേശം നിങ്ങൾക്കു ഒന്നുകൂടി പരിശോധിക്കാം. (ഈ പുസ്തകത്തിൽ നേരത്തെ വന്ന "വിജയത്തിന്റെ അപകടം," എന്ന പാഠം നോക്കുക.) [7]ആ പ്രദേശം പരിചയം ഉള്ളവർക്ക് പ്രത്യേക പ്രശ്നം ഒന്നുമുണ്ടാകയില്ല എന്ന കാര്യത്തിൽ നമുക്കുറപ്പാണ്. കാൽനടയായി യാത്രചെയ്യുന്നവർക്ക് യോർദ്ദാൻ നദി കടക്കണമായിരുന്നു, എന്നാൽ നദി ഗലീലാക്കടലിലേക്ക് ഒഴുകുന്നതിനടുത്ത് വെള്ളം കുറവുള്ള ഭാഗമുണ്ട്. [8]ഇവിടെ ഞാൻ ചെയ്യുന്നതു വിധിക്കുകയല്ല. പുരുഷാരത്തിനു ഭക്ഷണം കൊടുക്ക എന്നു ക്രിസ്തു ശിഷ്യന്മാരോട് പറഞ്ഞപ്പോൾ, അവരെ ഭക്ഷണത്തിനു ദൂരെ അയക്കുക എന്നതായിരുന്നു അവരുടെ പ്രതികരണം (മർക്കൊസ് 6:36). [9]ഞാൻ ഈ പ്രസംഗം തയ്യാറാക്കിക്കൊണ്ടിരുന്നപ്പോൾ, എനിക്ക് ഒരു സ്ത്രീയുടെ ഫോൺ കോൾ വന്നു, അതിനെ തുടർന്നു, അവർക്കുവേണ്ടി ഞാനെന്റെ ജോലി നിർത്തിവെച്ച് ഒരു മണിക്കൂർ സമയം അവരെ സഹായിക്കുവാൻ വേണ്ടി ചിലവഴിക്കുവാൻ അവർ ആവശ്യപ്പെട്ടു. യേശുവിന്റെ ഉദാഹരണം എന്റെ മനസിൽ ഉണ്ടായിരുന്നതുകൊണ്ട്, ഞാൻ മറ്റൊന്നും ആലോചിച്ചില്ല. ഞാൻ പോയി അവരെ സഹായിച്ചു. [10]"ഇടയനില്ലാത്ത ആടുകൾ" എന്ന പ്രയോഗത്തെ കുറിച്ചുള്ള വിമർശനങ്ങൾ ക്കായി, ഈ പുസ്തകത്തിൽ നേരത്തെ വന്ന "വിജയത്തിന്റെ അപകടം," എന്ന പാഠം നോക്കുക.

[11]കെജെവിയിൽ "ഹീ റിസീവ്ഡ് ദെം" എന്നാണ്. [12]യോഹന്നാൻ പറഞ്ഞത് "യെഹൂദന്മാരുടെ, പെസഹ, അടുത്തിരിക്കുന്നു" എന്നാണ് (യോഹന്നാൻ 6:4). യെരുശലേമിലേക്കു തീർത്ഥാടനത്തിനു പൊയ് ക്കൊണ്ടിരുന്നവർ ആ ആവേശം എന്തെന്നറിയുവാൻ ഓടിക്കൂടിയപ്പോഴാണ് പുരുഷാരത്തിന്റെ എണ്ണം വർദ്ധിച്ചതു, എന്നു വിവരിക്കുവാനാണ് അത് എഴുതിയ തെന്നു പറയപ്പെട്ടിട്ടുണ്ട്. അതിലുള്ള പ്രശ്നം എന്തെന്നാൽ അങ്ങനെ വരുന്നവർ ആഹാരസാധനങ്ങളുമായിട്ടായിരിക്കാം വന്നിരുന്നത്, പക്ഷെ ഇവരെ വൈകുന്നേരം നോക്കിയപ്പോൾ, അവരുടെ കയ്യിൽ ഒന്നുമില്ലായിരുന്നു. ഇതു പറയുവാനുള്ള കാരണം വർഷത്തിന്റെ സമയം സൂചിപ്പിക്കുന്നതിനും, ആ പ്രദേശത്ത് "ധാരാളം പുല്ല്" ഉണ്ടായിരുന്നു എന്നു വ്യക്തമാക്കുന്നതിനുമാകാം (യോഹന്നാൻ 6:10). [13]ആ നീണ്ട ഓട്ടത്തിൽ ചില സ്ത്രീകളും കുട്ടികളും ഉണ്ടായിരുന്നു എന്നാണ് ചിലർ കരുതുന്നത്, എന്നാൽ മറ്റുള്ളവർ ഇങ്ങനെ പറയുന്നു, "വിഡ്ഢിത്തം!" [14]യേശു വാസ്തവത്തിൽ അത്ഭുതം ചെയ്തില്ല എന്നു വിശ്വസിക്കുന്ന – ഉദാരമതികളായ വ്യാഖ്യാതാക്കൾ പറയുവാൻ ഇഷ്ടപ്പെടുന്നത് – "ഇത്തരം നീണ്ട യാത്രക്ക് ആളുകൾ ആഹാരം കൂടാതെ വരികയില്ല" എന്നാണ്. എങ്ങനെ യായാലും, യേശുവിന്റെ ഭാഗത്തുനിന്നും പുരുഷാരത്തിന്റെ ഭാഗത്തു നിന്നും *വേഗത*യുണ്ടായിരുന്നു എന്നാണ് എഴുതിയിരിക്കുന്നത്. [15]ഞാൻ താമസിക്കുന്ന സ്ഥലത്ത് ബിസ്ക്കറ്റും ചോളംകൊണ്ടുള്ള അപ്പവു മാണ് കഴിക്കുന്നത്. നിങ്ങൾ താമസിക്കുന്ന സ്ഥലത്തെ ആഹാരം അതിനു പകരമായി ഉപയോഗിക്കാം. [16]പൊതുവിൽ "നന്മ" ചെയ്യുന്നതിനെ കുറിച്ചാണ് ഗലാത്യർ

6:10 പറയുന്നത്; ആളുകളുടെ ആവശ്യങ്ങൾ എന്തുതന്നെ ആയാലും നാം ആളുകളെ സഹായി ക്കണം എന്നാണ് 1 തെസലൊനികൃർ 5:14 ഉം പറയുന്നത്. ഞാൻ താമസിക്കുന്നതിനു ചുറ്റുമുള്ളവരെ സഹായിക്കുന്നതിനെക്കുറിച്ചാണ് ഞാൻ ഈ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത്. അതിനു പകരം നിങ്ങൾ താമസിക്കുന്നതിനു ചുറ്റുമുള്ളതാക്കി മാറ്റുക. നിങ്ങൾ താമസിക്കുന്നത് മുൻപു പറഞ്ഞ അടിസ്ഥാന ആവശ്യങ്ങളായ – ആഹാരം, വസ്ത്രം, മുതലായവ – ഇപ്പോഴും കൂടുതൽ ആവശ്യമുള്ള സ്ഥലത്തായിരിക്കാം. [17]കർത്താവ് എപ്പോഴെങ്കിലും ഒരു വെല്ലുവിളി നമുക്ക് മുൻപിൽ വെച്ചാൽ, അവന്നു അതിനു പരിഹാരവുമുണ്ടായിരിക്കും. അതു നാം കണ്ടുപിടിക്കണമെന്നു മാത്രം! [18]യേശുവിന്റെ ആദ്യശിഷ്യന്മാരിൽ ഒരാളായിരുന്നു ഫിലിപ്പൊസ്. (*ക്രിസ്തു വിന്റെ ജീവിതം, 2* ലുള്ള "എല്ലാറ്റിനും ഒരു ആരംഭസമയം ഉണ്ട്!" എന്ന പാഠം അവലോകനം നടത്തുക.) [19]ഫിലിപ്പൊസ് ബെത്സെയിദക്കാരനായിരുന്നു (യോഹന്നാൻ 1:44; 12:21), അതു ഒരുപക്ഷെ കഫർന്നഹൂമിനുള്ളിലുള്ള ബെദ്സെയിദ ആയിരിക്കാം, എന്നാൽ അതു കടലിന്റെ കിഴക്കുള്ള ബെദ്സെയിദ ആകാൻ സാധ്യതയുണ്ട് (അവിടെ വെച്ചായിരുന്നു അയ്യായിരം പേരെ പോഷിപ്പിച്ചത് ; ലൂക്കൊസ് 9:10). [20]ഫിലിപ്പൊസിന്റെ യഥാർത്ഥ ചിന്ത എന്തായിരുന്നു എന്ന് നമുക്ക് അറിയില്ല; എന്നാൽ പറഞ്ഞിരിക്കുന്ന എണ്ണത്തിൽ എത്തുവാൻ, പറഞ്ഞിരിക്കുന്ന രീതിക്കു സമാനമായത് അവൻ സ്വീകരിക്കണമായിരുന്നു. ഞാൻ താമസിക്കുന്ന സ്ഥലത്ത് അവൻ ചെയ്തതുപോലെയുള്ള പ്രവൃത്തികൾ ചെയ്യുന്നത് വിവരിക്കുന്ന പ്രയോഗങ്ങൾ പല വിധത്തിൽ ഉണ്ട്, അത്തരത്തിലുള്ളതാണ് "ഹീ പുട്ട് ഏ പെൻസിൽ റ്റു ദ പ്രോബ്ളം." ആ സാഹചര്യത്തിനനുയോജ്യമായ ഒരു പദപ്രയോഗവും നമുക്കുണ്ട്: "ബീൻ കൗണ്ടേഴ്സ്" – ആളുകളെക്കാൾ കൂടുതൽ ("ബീൻസ്") പണത്തെ ആഗ്രഹിക്കുന്നവർ.

[21]"ദ ബോട്ടം ലൈൻ" എന്നു പറഞ്ഞിരിക്കുന്നത് ഗണിതശാസ്ത്രത്തിന്റെ അടി സ്ഥാന പ്രയോഗമാണ്: അതു മൊത്തമായതാണ്, അന്തിമഫലമാണ്. [22]യേശുവും ശിഷ്യന്മാരും യാത്ര ചെയ്യുമ്പോൾ ചുരുങ്ങിയ തോതിൽ ഉപയോ ഗിക്കേണ്ടതിനു എടുക്കുന്ന പണം ഇടുന്ന സഞ്ചി അല്ലെങ്കിൽ പെട്ടിയാണ് അത്. യൂദ ആയിരുന്നു പണസഞ്ചി/പെട്ടി സൂക്ഷിച്ചിരുന്നതു (യോഹന്നാൻ 12:6; 13:29). [23]അപ്പൊസ്തലന്മാർ "ലോഡ്ജിങ്ങ്" എന്നു പറഞ്ഞിരിക്കുന്നതു തെളിയി ക്കുന്നതു അവിടെ കൂടിവന്നവർ ദൂരെ നിന്നു വന്നവരാണെന്നാണ്. [24]ഞങ്ങളുടെ പ്രദേശത്തു, ഞങ്ങൾ പറയും, "ദേ ആർ ജസ്റ്റ് ഹിയർ ഫോർ എ ഹാന്റ്ഔട്ട്." [25]ഈ പുസ്തകത്തിൽ മുൻപു വന്ന "പരിശോധനക്കുള്ള സമയം," എന്ന പാഠം നോക്കുക. [26]ആ പ്രയോഗത്തെ "ബിക്കോസ് ഓഫ് *ഹൂസ്* വി ആർ" എന്നും പറയാം. [27]ഞങ്ങളുടെ ഭാഗത്ത്, ഞങ്ങൾ പറയും, "ഹീ ഡിഡ് നോട്ട് ലെറ്റ് ദെം ഓഫ് ദ ഹുക്ക്." [28]ഈ പുസ്തകത്തിൽ ആദ്യം വന്ന "പരിശോധനക്കുള്ള സമയം," എന്ന പാഠം നോക്കുക. [29]ലോകത്തിൽ ചില ഭാഗത്ത് "ചെറിയ ബിസ്ക്കറ്റിനു" പറയുന്നതാണ് "ക്രാക്കേഴ്സ്." [30]ഞാൻ താമസിക്കുന്ന സ്ഥലത്ത്, സാർഡീൻ മൽസ്യം കാനുകളിലാണ് വിൽക്കുന്നത്. ഒരു കാനിനുള്ളിൽ ഡസൻ കണക്കിനു മൽസ്യം കാണും.

[31]"എന്നാൽ ആ സ്ഥലത്ത് ധാരാളം പുല്ലുണ്ടായിരുന്നു," എന്നാണ് യോഹ ന്നാൻ പറഞ്ഞത്, അതു ആളുകൾ എന്തുകൊണ്ടു നിലത്തിരിക്കുവാൻ തയ്യാറായി എന്നതിനുള്ള ദൃക്സാക്ഷി വിവരണമാണ്. (മത്തായി 14:19; മർക്കൊസ് 6:39 ഉം നോക്കുക.) [32]കൂലി ചെറുതാണെങ്കിൽ പോലും – നാം നമ്മുടെ ആഹാരത്തിനു നന്ദി ചെലുത്തണമെന്നാണ് യേശു ഈ അവസരത്തിൽ പഠിപ്പിക്കുന്നത്. യെഹൂദ ന്മാർക്കിടയിൽ ഒരു ചൊല്ലുണ്ട്: ''ദൈവത്തിനു നന്ദി ചെലുത്താതെ കഴിക്കുന്ന തെന്തും അവനിൽനിന്നു കവർന്നെടുത്തതുപോലെയാണ്" (വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് ലൂക്ക്,* റെവ. എഡി., ദ ഡെയ്ലി സ്റ്റഡി ബൈബിൾ സീരീസ് [ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്,

1975], 118). [33]വില്യം ബാർക്‌ലേ, *ദ ഗോസ്പെൽ ഓഫ് മാത്യു*, റെവ. എഡി., വാല്യം. 2, ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1975), 100. [34]എൻഎഎസ്ബിയിൽ ഗ്രീക്ക് വേദപുസ്തകത്തിലെ ക്രിയാകർമ്മം ശരി യായിട്ടാണ് പ്രതിപാദിച്ചിരിക്കുന്നത്. [35]അപ്പൊസ്തലന്മാർ ഉപയോഗിച്ച കുട്ടകൾ എവിടെ നിന്നാണെന്നു ഒരുപക്ഷെ നിങ്ങൾ അതിശയിക്കുന്നുണ്ടാകും. ലൗകിക ചരിത്രത്തിൽ നിന്നു മനസിലാ ക്കാവുന്നത് യെഹൂദന്മാർ ഞങ്ങളുടെ ഭാഗത്തുള്ളവർ ചെയ്യുന്നതുപോലെ യാത്ര ചെയ്യുമ്പോൾ ആവശ്യത്തിനു വേണ്ട സാധനങ്ങൾ ശേഖരിക്കുവാൻ ചെറിയ കുട്ടകൾ ഉപയോഗിച്ചിരുന്നു എന്നാണ്. ലോകത്തിൽ മിക്ക സ്ഥലങ്ങളിലും ചെറിയ സഞ്ചിയോ കുട്ടയോ സാധനങ്ങൾ വാങ്ങുന്നതിനു കൊണ്ടുപോകുന്നതു ഒരു ആചാരമാണ്. ഒന്നുകിൽ അതു ശിഷ്യന്മാരുടെ കുട്ടകൾ ആയി രിക്കാം, അല്ലെങ്കിൽ പുരുഷാരത്തിൽ നിന്നു കടമെടുത്തത് ആയിരിക്കാം. [36]ക്രിസ്തു നിർമ്മാതാവും അപ്പൊസ്തലന്മാർ വിതരണക്കാരുമായിരുന്നു എന്നു ആരോ വിവരിക്കു കയുണ്ടായി. [37]അവശേഷിച്ച ആഹാരം എന്തു ചെയ്തു? അതു അപ്രധാനകാര്യമായതു കൊണ്ട്, അതിനെ പിന്നെ വിശദീകരിച്ചിട്ടില്ല. ആ പന്ത്രണ്ടു കുട്ടകൾ അപ്പൊസ്തല ന്മാരുടേതായിരുന്നു എങ്കിൽ, അവരുടെ അടുത്ത ആഴ്ച്ചയിലെ റേഷനായിരിക്കാം അത്. കുട്ടകൾ കടമെടുത്തതായിരുന്നു എങ്കിൽ, അവശേഷിച്ചത് അതിന്റെ അവകാശികൾക്ക് നല്കിയിരിക്കാം. തീർച്ചയായും, അപ്പവും മീനും കൊടുത്ത ബാലനു നല്ലൊരു അംശം കിട്ടിയിരിക്കാം. വാരെൻ വിയേഴ്സ്ബേ എഴുതി, “ആ ബാലൻ എത്ര കഷണങ്ങളാണ് വീട്ടിൽ കൊണ്ടുപോയത്? ആ സംഭവം അവൻ തന്റെ അമ്മയോടു ചെന്നു പറഞ്ഞപ്പോൾ അവൾക്കുണ്ടായ ആശ്ചര്യം ഊഹിക്കുക!” (വാരെൻ ഡബ്ലിയു. വിയെഴ്സ്ബെ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി,* വാല്യം. 1 (വീറ്റൺ, Ill.: വിക്റ്റർ ബുക്സ്, 1989), 51. [38]പുരുഷാരം ആഹാരം കൂടാതെയാണ് ആ യാത്ര നടത്തിയത് എന്ന ആശയത്തെ ഈ സംശയാലുക്കൾ കളിയാക്കുന്നുണ്ട്, എന്നാൽ ബൈബിൾ രേഖ അനുസരിച്ച്, അതായിരുന്നു മിക്കവാറും ആ പ്രദേശത്തെ രീതി. [39]മറ്റൊരു “വിശദീകരണത്തെ” വിളിച്ചിരിക്കുന്നത് “ദ സാക്രമെന്റൽ എക്സ്പ്ളനേഷൻ” എന്നാണ്: അതിൽ പറയുന്നത് എല്ലാവർക്കും അപ്പത്തിന്റേയും മീനി ന്റേയും ഒന്നോ രണ്ടോ കഷണം വെച്ച് കിട്ടിയത് അവരെ തൃപ്തരാക്കി എന്നാണ്. അത് യോഹന്നാൻ പറഞ്ഞിരിക്കുന്ന “അവർക്ക് തൃപ്തിയായി” എന്ന പ്രസ്താവനക്കു വിരുദ്ധമാണ് (യോഹന്നാൻ 6:11, 12) അതിനു ശേഷം പന്ത്രണ്ടു കുട്ട നിറച്ചെടുത്തു എന്നതിനും വിശദീകരണം നല്കുവാൻ കഴിയുന്നില്ല! [40]എങ്ങനെയായാലും നിങ്ങൾ ഈ പ്രസംഗത്തെ അഭിവൃദ്ധിപ്പെടുത്തി, ആളു കളെ കർത്താവിലേക്ക് തിരിച്ചുവരുവാൻ പ്രോൽസാഹിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുക. അവ സാനം, അവരുടെ ബന്ധം ദൈവവുമായി ശരിയാക്കിയില്ലെങ്കിൽ മറ്റുള്ളവരെ സഹായിക്കുന്നതിനു അവർക്ക് എപ്പോഴും പരിമിതിയുണ്ടായിരിക്കും. മർക്കൊസ് 16:16; പ്രവൃത്തികൾ 2:38; ഗലാത്യർ 3:26, 27 എന്നിങ്ങനെയുള്ള വേദഭാഗങ്ങൾ നിങ്ങൾക്ക് വേണമെങ്കിൽ ഉപയോഗിക്കാം.